**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

നമ്പർ : എ3/7528/2015/കെ.എസ്.എസ്.എം                                          തിരുവനന്തപുരം,

തീയതി :28/12/2015

## സർക്കുലർ

സൂചന : 1. 07/12/2015 - ലെ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗം.
2. നം.14477/സി2/2015 സാ.നീ.വ തീയതി 23/12/2015 .
3. 16.12.2015- ലെ ഈ കാര്യലയത്തിലെ ഇതേ നമ്പർ കത്ത്.
4. 28/12/2015- ൽ സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറിയുടെ വീഡിയോ കോൺഫറൻസ്

വിദ്യാർത്ഥികളിൽ സഹപാഠികളോടും സമൂഹത്തോടും സഹാനുഭൂതി ഉണ്ടാക്കുന്നതിനും, കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികളെപ്പറ്റി അവബോധം ഉണ്ടാക്കുന്നതിനും കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാന വ്യാപകമായി 'സ്നേഹപൂർവ്വം സഹപാഠിക്ക്' എന്ന പരിപാടി സംഘടിപ്പിക്കുന്നു. 2016 ജനുവരി 1- ന് സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു സ്പെഷ്യൽ അസംബ്ലി നടത്തുന്നതിനും പ്രസ്തുത അസംബ്ലിയിൽ ഒരു പ്രതിജ്ഞ എടുക്കുന്നതിനും വിദ്യാർത്ഥികളിൽ നിന്നും സ്നേഹനിധി സമാഹരിക്കുന്നതിനുമായി 07/12/2015- ന് സാമൂഹ്യനീതി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വിദ്യാഭ്യാസ വകുപ്പ് തലവന്മാരുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. (മിനിട്ട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) പ്രസ്തുത പരിപാടിയ്ക്ക് 'സ്നേഹപൂർവ്വം സഹപാഠിക്ക്' എന്ന പേരാണ് നൽകിയിരിക്കുന്നത്. സൂചന (3) പ്രകാരം നൽകിയിരുന്ന കുറിപ്പിൽ പ്രതിപാദിപ്പിച്ചിരുന്ന കാര്യങ്ങളിൽ സൂചന (4)- ലെ വീഡിയോ കോൺഫറൻസിൽ വിശദീകരിച്ച പ്രകാരമുള്ള വരുത്തിയ ഭേദഗതികൾ ഉൾപ്പെടുത്തിയ സർക്കുലർ പുറപ്പെടുവിക്കുന്നു. ഇതനുസരിച്ചുള്ള നിർദ്ദേശങ്ങൾ താങ്കളുടെ ചുമതലയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനോടനുബന്ധിച്ച് സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങളാണ് ചുവടെ ചേർക്കുന്നത്:-

## പുതുവർഷദിനത്തിൽ 'സ്നേഹപൂർവ്വം സഹപാഠിക്ക്'

1. എല്ലാ സ്കൂൾ/കോളേജുകളിലും 2016 ജനുവരി 1- ന് പൊതു അസംബ്ലി സംഘടിപ്പിക്കേണ്ടതാണ്.
2. ദുരിതവും വേദനയും അനുഭവിക്കുന്നവരോട് ആർദ്രതാ മനോഭാവം ഉൾക്കൊള്ളാൻ പ്രേരിപ്പിക്കുന്ന പ്രതിജ്ഞ അസംബ്ലിയിൽ എടുക്കേണ്ടതാണ്. (പ്രതിജ്ഞ ചുവടെ ചേർത്തിട്ടുണ്ട്.)

**പ്രതിജ്ഞ**

"നാളെയുടെ നന്മ സൃഷ്ടിക്കുന്നത് നമ്മുടെ പ്രവൃത്തിയാണ്.
ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, സുരക്ഷ ഇവ നമ്മുടെ അവകാശമാണ്.
ഇത് നേടിയെടുക്കാൻ നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം.
ചിരിക്കാനും സന്തോഷിക്കാനും പഠിക്കാനും കഴിയാതെ
രോഗബാധിതരോ, ഉറ്റവർ നഷ്ടപ്പെട്ടവരോ ആയ നമ്മുടെ കൂട്ടുകാർക്ക്
ചിരിക്കാനും സന്തോഷിക്കാനും സംതൃപ്തി നേടുന്നതിനും നമ്മുടെ
കൂട്ടായ്മയും പിന്തുണയും അനിവാര്യമാണ്.
ഇതിനായി സഹപാഠിക്കു വേണ്ടി സ്നേഹപൂർവ്വം സുരക്ഷാ വലയം സൃഷ്ടിക്കാൻ,
ഈ പുതുവർഷത്തിൽ നമുക്ക് കൈകോർക്കാം".

3. സ്നേഹനിധി സമാഹരണം 2016 ജനുവരി 1 - മുതൽ 26- വരെയായിരിക്കും. പുതുവർഷ ആഘോഷങ്ങൾക്കും മറ്റും ചെലവഴിക്കുന്ന പണത്തിൽ നിന്നും സ്വമേധായ ഒരു പങ്ക് (നിശ്ചിത ശതമാനം തുക) സ്നേഹനിധിയിലേക്ക് വിദ്യാർത്ഥികൾക്ക് സംഭാവന ചെയ്യാവുന്നതാണ്. സംഭാവനയായി നൽകുന്ന തുക ക്ലാസ്സ് ടീച്ചർമാർ/ ഡിപ്പാർട്ട്മെന്റ് ഹെഡ് - ന് കൈമാറേണ്ടതാണ്.
4. 2016 ജനുവരി 26-ന് റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് നടത്തുന്ന സ്കൂൾ/കോളേജ് അസംബ്ലിയിൽ വച്ച് വിദ്യാർത്ഥികൾ സമാഹരിച്ച സ്നേഹനിധി പ്രഥമ അധ്യാപകന്/അധ്യാപികക്ക്/പ്രിൻസിപ്പലിന്, ക്ലാസ്സ് ടീച്ചർ/കോളേജ് പ്രിൻസിപ്പൽ ചുമതലപ്പെടുത്തിയ അദ്ധ്യാപകൻ/അദ്ധ്യാപിക, വിദ്യാർത്ഥി പ്രതിനിധിയും കൂടി അസംബ്ലിയിൽ വച്ച് കൈമാറേണ്ടതാണ്.
5. പ്രധാന അദ്ധ്യാപകർ/പ്രിൻസിപ്പൽമാർ പ്രസ്തുത തുക 2016 ഫെബ്രുവരി -7- ന് മുമ്പ് ചുവടെ പറയുന്ന രീതികളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അടയ്ക്കാവുന്നതാണ്.

എ. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ ഡിഡി എടുത്ത് ചുവടെ പറയുന്ന വിലാസത്തിൽ അയക്കാവുന്നതാണ്.

**<u>വിലാസം:</u>**

പ്രോഗ്രാം കോ-ഓർഡിനേറ്റർ, വി-കെയർ ,
കേരള സാമൂഹ്യ സുരക്ഷാ മിഷൻ,പൂജപ്പുര, തിരുവനന്തപുരം- 695 012

ബി. സമാഹരിച്ച തുക കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ www.socialsecuritymission.gov.in -ൽ സജ്ജീകരിച്ച പേയ്മെന്റ് ഗേറ്റ് വേ വഴി അടയ്ക്കാവുന്നതാണ്.

സി. സാമൂഹ്യ സുരക്ഷാ മിഷന്റെ എസ്.ബി.ഐ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിലെ 30809533211 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഐ.എഫ്.എസ്.സി SBIN 0000941 Corebanking/ On line RTGS/ NEFT സംവിധാനങ്ങളിൽ അടയ്ക്കാവുന്നതാണ്. ആയതിന്റെ രസീതി പ്രോഗ്രാം കോ-ഓർഡിനേറ്റർ, വി-കെയർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സമുച്ചയം, പൂജപ്പുര, തിരുവനന്തപുരം. എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

6. ഓരോ ജില്ലകളിലും ഏറ്റവും കൂടുതൽ തുക സമാഹരിച്ച സ്കൂളിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അവാർഡ് നൽകുന്നതാണ്. സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന മൂന്ന് ജില്ലകൾക്ക് സംസ്ഥാനതലത്തിലും അവാർഡ് നൽകുന്നതാണ്.
7. മെഡിക്കൽ കോളേജുകൾ ഇതര പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾക്ക് ''സ്നേഹപൂർവ്വം സഹപാഠിക്ക്'' സംഘാടനത്തിനായി കോളേജ് എൻ.എസ്.എസ്. യൂണിറ്റുകൾ/ കോളേജ് യൂണിയനുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, പൊതു വിദ്യാഭ്യാസം;
2. ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ;
3. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം;
4. ഡയറക്ടർ, ഹയർസെക്കന്ററി;
5. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി;
6. ഡയറക്ടർ,സാങ്കേതികവിദ്യാഭ്യാസം;
7. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്;